# തത്വമസി

ബ്രഹ്മമയമീ പ്രപഞ്ചത്തിൻ പൊരുൾ,
സൂര്യഗായത്രിയിലുണരുമ്പോൾ;
കൽപാന്ത കാലത്തോളം യുഗങ്ങൾ ചൊല്ലും,
തത്വമസി നീ താനെന്ന സത്യം.

പുലരുന്നു പ്രാക്കളും, വയൽ പൂക്കളും,
കുറുനരി, കുഴിമുയലുമിഹേ.
അത്താണിയില്ലാതുഴറുന്നു മനുഷ്യൻ,
രോഗിയായ്, നിന്ദ്യനായ്, ഏകനായി.

കഴുകനും, നായയും, കടിച്ചുകീറുന്നൂ,
അനാഥജഡങ്ങളീ തെരുവിൽ;
നൊന്തുപെറ്റ പിഞ്ചിളം കുഞ്ഞിനെ കൊന്ന്,
പൊന്തകാട്ടിലിടുന്നു പെറ്റമ്മ.

പെണ്ണായിപിറന്നു പോയതിൻ ശിക്ഷയോ-
ലോകമേ നീ വിധിക്കും ശാപമോ?
മനസാക്ഷി മരവിച്ച കോലങ്ങളോ,
ഭൂവിലെ ഇരുകാലി ജന്തുക്കളോ.

ഭക്തിയും, ജ്ഞാനവും, കർമ്മവും ലയിച്ച,
ശീതളമാമീ പർണ്ണശാലയിൽ;
എവിടെ ആർഷഭാരത സമദർശനം
യോഗാനുഷ്ഠാനത്തിന്നുച്ചകോടി.